# ഇൻകം ടാക്സ് എംപ്ലോയീസ് ഫെഡറേഷൻ

## കേരള സർക്കിൾ

### സി.ആർ.ബിൽഡിംഗ്, ഐ.എസ്.പ്രസ്സ് റോഡ്, എറണാകുളം

തീയതി :24.04.2013

| | | |
|---|---|---|
| പ്രസിഡന്റ് | : | **കെ.ബാബു തോമസ്** |
| ജനറൽ സെക്രട്ടറി | : | **കെ.എസ്.സജീവ്** |

പ്രിയ സഖാക്കളെ/ സുഹൃത്തുക്കളെ

**ആശ്രിത നിയമനം-കാലവിളംബത്തിനെതിരെ**

**ശക്തിയായി പ്രതിക്ഷേധിക്കുക**

സേവനത്തിലിരിക്കെ അകാലമൃത്യു സംഭവിച്ച നമ്മുടെ സഹപ്രവർത്തകരുടെ ആശ്രിതർക്ക് ഡിപ്പാർട്ടുമെന്റിൽ ജോലി നൽകുന്നതിന് മുൻകാലങ്ങളിൽ താമസം ഒന്നും വരുത്തിയിരുന്നില്ല. എന്നാൽ പ്രത്യേകിച്ച് കാരണമൊന്നും പറയാതെ കേരളത്തിലെ ഇപ്പോഴത്തെ ആദായ നികുതി ചീഫ് കമ്മീഷണർ ആശ്രിതരുടെ നിയമന കാര്യത്തിൽ അനാവശ്യമായ കാലവിളംബമാണ് വരുത്തുന്നത്. ആശ്രിത നിയമനത്തിനുള്ള നിശ്ചിത ക്വാട്ടയിൽ ധാരാളം ഒഴിവുകൾ ഉണ്ടായിട്ടും സ്ക്രീനിംഗ് കമ്മിറ്റി ശുപാർശ ചെയ്ത 10 പേരുടെ നിയമനങ്ങൾ ഒന്നരവർഷത്തിലേറെക്കാലമായി പ്രത്യേകിച്ച് കാരണമൊന്നും പറയാതെ നീട്ടിക്കൊണ്ടുപോകുകയാണ്. തങ്ങളുടെ കുടുംബത്തിന്റെ അത്താണി നഷ്ടപ്പെട്ടതിനു ശേഷം അർദ്ധപട്ടിണിയിലും നിത്യദുരിതത്തിലുമായി കഴിയുന്ന ഈ ആശ്രിതരുടെ നിയമന കാര്യത്തിൽ അധികാരികൾ പുലർത്തുന്ന അലംഭാവത്തിനും നിരുത്തരവാദപരമായ കെടുകാര്യസ്ഥതയ്ക്കുമെതിരെ കൈയ്യും കെട്ടി നോക്കി നിൽക്കാൻ ജീവനക്കാരുടെ ക്ഷേമകാര്യത്തിൽ പ്രതിജ്ഞാബന്ധമായ ITEF എന്ന സംഘടനയ്ക്ക് കഴിയില്ല. ഈ വിഷയം ചീഫ് കമ്മീഷണറുടെ മുമ്പാകെ പല പ്രാവശ്യം ഉന്നയിച്ചപ്പോഴൊക്കെ നിയമനം ഉടനെ നടത്താമെന്ന് ആവർത്തിച്ചതല്ലാതെ യാതൊരു അനുകൂല നടപടിയും സ്വീകരിച്ചിട്ടില്ല. 2012 ഡിസംബർ 26 ന് ITEF ന്റേയും ITGOA യുടേയും സംയുക്ത സമരസമിതി കൺവീനർമാർ ഇക്കാര്യം നേരിട്ടും രേഖാമൂലവും അധികാരികൾ മുമ്പാകെ ഉണർത്തിച്ചതാണ്. ഫലമൊന്നും കണ്ടില്ല. ഏറ്റവുമൊടുവിൽ ജീവനക്കാരുടെ ആവലാതികൾ ചർച്ചചെയ്ത് പരിഹാരം കാണാനുള്ള ആവലാതി പരിഹാര സ്ഥിരസമിതി (Perma-

nent Grievance Redressal Committee) യിലും 2013 ഫെബ്രുവരി 8 ന് മറ്റു അടിയന്തിര വിഷയങ്ങൾക്കൊപ്പം ഇക്കാര്യവും ചൂണ്ടിക്കാണിക്കുകയുണ്ടായി. അന്ന് ബഹു:ചീഫ് കമ്മീഷണർ ചർച്ച ചെയ്ത എല്ലാ പരാതികളും 2013 മാർച്ച് 31 നകം പരിഹരിക്കാമെന്നും അതോടൊപ്പം അർഹരായ ആശ്രിതരുടെ നിയമന ഉത്തരവുകൾ പുറപ്പെടുവിക്കാമെന്നും ഉറപ്പു നൽകിയിരുന്നു. രേഖാമൂലം തന്ന് ഈ ഉറപ്പുകളെല്ലാം ജലരേഖയായി അവശേഷിക്കുന്നു. നിയമന ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിനു പകരം ഇതു സംബന്ധിച്ചു മാർഗ്ഗ നിർദ്ദേശങ്ങൾക്കും പതിവിനും വിപരീതമായി ബഹു:ചീഫ് കമ്മീഷണർ മരിച്ച ജീവനക്കാരുടെ ആശ്രിതരിൽ 2 വിധവകളെ കൂടിക്കാഴ്ചയ്ക്ക് ക്ഷണിക്കുകയാണുണ്ടായത്. അവർക്കും ഇതുവരെ നിയമനം നൽകിയിട്ടില്ല.

ഈ സാഹചര്യത്തിൽ സെക്രട്ടറിയേറ്റ് യോഗത്തിനു ശേഷം ITEF പ്രതിനിധികൾ 3.4.2013 ന് ചീഫ് കമ്മീഷണറെ നേരിട്ട് കണ്ട് സങ്കടമുണർത്തിച്ചിരുന്നു. അന്ന്, മരിച്ചുപോയ ജീവനക്കാരുടെ വിധവകൾക്ക് ഉടൻ നിയമനം നൽകാമെന്നും ബാക്കിയുള്ളവരുടെ കാര്യത്തിൽ 2013 ഏപ്രിൽ 22 ലെ കൂടിക്കാഴ്ചയ്ക്കു ശേഷം അനുകൂല തീരുമാനമെടുക്കാമെന്നുമാണ് ഉറപ്പ് നൽകിയിരുന്നത്. ഇപ്പോഴറിയുന്നത് മേൽപ്പറഞ്ഞ കൂടിക്കാഴ്ച വീണ്ടും രണ്ടാഴ്ചത്തേക്ക് കൂടി നീട്ടിയെന്നാണ്. ഈ സാഹചര്യത്തിൽ ആശ്രിതരുടെ നിയമന കാര്യത്തിൽ തീരുമാനമെടുക്കാൻ ബഹു. ചീഫ് കമ്മീഷണർ ഒരുക്കമല്ലായെന്നും പ്രത്യേകിച്ച് വിശദീകരണമോ കാരണമോ ഇല്ലാതെ ഇത് തടഞ്ഞുവയ്ക്കപ്പെടുകയുമാണ് എന്നാണ് മനസ്സിലാകുന്നത്. ഈ കെടുകാര്യസ്ഥത അനുവദിച്ചു കൊടുക്കാൻ ഉത്തരവാദപ്പെട്ട ഒരു സംഘടനയ്ക്കും കഴിയില്ല.

ഇതിനുപുറമെ ജീവനക്കാരുടെ ആവലാതികൾ പരിഹരിക്കാൻ വേണ്ടി നിയുക്തമായ സ്ഥിരം സമിതിയുടെ തീരുമാനങ്ങൾ നടപ്പിലാക്കുവാൻ ബന്ധപ്പെട്ടവർ പ്രതിജ്ഞാബദ്ധരാണെന്ന് കേന്ദ്ര പ്രത്യക്ഷനികുതി ബോർഡിന്റെ നിർദ്ദേശങ്ങളിൽ നിഷ്കർഷിക്കുന്നു. നിർഭാഗ്യവശാൽ കേരളത്തിൽ മാത്രം ഇത് നടപ്പിലാക്കുന്നില്ല. 2013 ഫെബ്രുവരി 8 ന് ചേർന്ന സ്ഥിരം സമിതിയുടെ യോഗത്തിൽ എടുത്ത തീരുമാനങ്ങളിൽ ഒന്നൊഴികെ മറ്റൊന്നും തന്നെ നടപ്പിലാക്കുവാൻ അധികാരികൾ കൂട്ടാക്കിയിട്ടില്ല. ആവലാതി പരിഹാര സ്ഥിരംസമിതിയുടെ യോഗം എല്ലാ മാസത്തിലും കൂടണമെന്ന നിബന്ധനയും സംഘന ആവശ്യപ്പെട്ടിട്ടും പാലിച്ചിട്ടില്ല. ജീവനക്കാരുടെ ആവലാതികൾ കേൾക്കാനും ചർച്ചകളിലൂടെ പരിഹാരം കണ്ടെത്താനും അധികാരികൾ തയ്യാറല്ലാ എന്നാണ് ഇതിന്റെ സൂചന.

കഴിഞ്ഞ 3 വർഷത്തിലേറെക്കാലമായി JMC (RC) യോഗങ്ങൾ വിളിച്ചു ചേർക്കാൻ അധികാരികൾ കൂട്ടാക്കിയിട്ടില്ല. JMC (RC) വെറും നോക്കുകുത്തിയായി മാറിയിരിക്കുന്നു.

ഈ സാഹചര്യങ്ങളിൽ ആവശ്യങ്ങൾ നേടിയെടുക്കാൻ സമരമല്ലാതെ മറ്റു മാർഗ്ഗങ്ങൾ സംഘടനയുടെ മുൻപിലില്ല. താഴെ പറയുന്ന ആവശ്യങ്ങൾ ഉടൻ നടപ്പിലാക്കണമെന്ന് അധികാരികളോട് വിനയപൂർവ്വം അഭ്യർത്ഥിച്ചിട്ടുണ്ട്.

1) എല്ലാ ആശ്രിത നിയമനങ്ങളും ഉടൻ നടത്തുക.

2) ജീവനക്കാരുടെ ആവലാതികൾ പരിഹരിക്കാനുള്ള സ്ഥിരം സമിതിയിൽ 8.2.2013 ന് എടുത്ത തീരുമാനങ്ങൾ ഉടൻ നടപ്പിലാക്കുക.

3) ആവലാതികൾ ചർച്ച ചെയ്ത് പരിഹരിക്കാനുള്ള സ്ഥിരം സമിതി (Permanent Grievance Redressal Committee) യുടെ യോഗം ഉടൻ വിളിച്ചു ചേർക്കുക.

മേൽപറഞ്ഞ ആവശ്യങ്ങൾ ഉടനടി അംഗീകരിച്ചു കിട്ടാത്ത പക്ഷം 2013 മെയ് 1 മുതൽ സമരപരിപാടികൾക്ക് സംഘടന ആഹ്വാനം ചെയ്യുന്നു.

1) മെയ് 1 മുതൽ ചീഫ് കമ്മീഷണർ പങ്കെടുക്കുന്ന എല്ലാ ഔദ്യോഗിക ചടങ്ങുകളും ബഹിഷ്ക്കരിക്കുക.

2) 1.5.2013 മുതൽ ചീഫ് കമ്മീഷണർ, കൊച്ചി വിവിധ സ്ഥലങ്ങൾ സന്ദർശിക്കുമ്പോൾ പ്രതിഷേധ യോഗങ്ങളും പ്രകടനങ്ങളും നടത്തുക.

3) 2013 മെയ് 2 ന് ഉച്ചസമയ പ്രതിഷേധ പ്രകടനം

4) 6.5.2013 ന് കറുത്ത ബാഡ്ജ് ധരിച്ചുകൊണ്ട് ജോലിക്കു ഹാജരാകുക.

5) 8.05.2013 രാവിലെ 11 മുതൽ ഒരു മണിക്കൂർ ഓഫീസ് ബഹിഷ്ക്കരിക്കണം.

6) 9.5.2013 ന് സി.ആർ. ബിൽഡിങ്ങിന് മുന്നിൽ കൂട്ടധർണ്ണ.

7) 14.05.2014 ഉച്ചയ്ക്കു ശേഷം ഓഫീസ് ബഹിഷ്കരണം

15.5.2013 നകം ആവശ്യങ്ങൾ അംഗീകരിച്ചു കിട്ടിയില്ലെങ്കിൽ സമര പരിപാടികൾ തീവ്രമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നത്.

സഖാക്കളെ, നമ്മുടെ മുന്നിൽ മറ്റു മാർഗ്ഗങ്ങളൊന്നുമില്ലാത്തതുകൊണ്ടും സമരം ചെയ്താലേ ആവശ്യങ്ങൾ നേടാനാവൂ എന്ന ദുഃസ്ഥിതിയുള്ളതുകൊണ്ടുമാണ് ഈ സമരാഹ്വാനം.

സംഘടനയുടെ ആഹ്വാനം പൂർണ്ണമനസ്സോടെ നടപ്പിലാക്കാനും സമരം വിജയിപ്പിക്കുവാനും വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

അഭിവാദനങ്ങളോടെ,

**കെ. ബാബു തോമസ്**
പ്രസിഡന്റ്

**കെ.എസ്.സജീവ്**
ജനറൽ സെക്രട്ടറി